പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1564

13-6-2014-ൽ മറുപടിക്ക്

## തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്: | ഡോ.എം.കെ.മുനീർ: (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ 27-ാം ഇനമായി 'വളർത്തു നായകൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക' എന്ന് ചേർത്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ പൂർണ്ണമായ തോതിൽ പ്രസ്തുത നിയമം നടപ്പിലാക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ; | (എ) പൂർണ്ണ തോതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കാരണം ബഹു. സുപ്രീം കോടതിയുടെ SLP 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നു. |
| (ബി) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിയന്ത്രിച്ച് ജനങ്ങളുടെ ജീവന് സുരക്ഷ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ബഹു. സുപ്രീം കോടതിയുടെ SLP 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം ശരിയായ രീതിയിൽ നടപ്പാക്കുകയാണ് തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗം. ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടേയും ഉത്തരവിന്റേയും പകർപ്പുകൾ ലഭ്യമാക്കുമോ; നായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്നു. ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

LS 1564
13/6/14

അനുബന്ധം - I

കേരള സർക്കാർ

നം.21592/ആർ.സി.3/2009/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 06-05-2009.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി - സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്

സൂചന : 1. 15-09-2008-ലെ 19989/ആർ.സി.3/2007/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2. അനിമൽ വെൽഫെയർ ബോർഡ് സെക്രട്ടറിയുടെ 3-4-2009-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 1/09 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

.....

സൂചന കത്തുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സുപ്രീം കോടതി (SLP 691/09) വിധി പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് കോടതിയലക്ഷ്യമാകുമെന്നതിനാൽ അവയെ നിയന്ത്രിക്കുന്നതിന് അനിമൽ ബെർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം ഫലപ്രദമായി നടപ്പിൽ വരുത്തേണ്ടതാണ്. കൂടാതെ അനിമൽ വെൽഫെയർ ബോർഡിന്റെ കത്തിന്റെ പകർപ്പ് വിവിധ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടർമാർക്കും അയച്ചുകൊടുത്ത് സുപ്രീം കോടതി വിധി നടപ്പിൽ വരുത്തേണ്ടതാണ്. AWBI-ൽ നിന്നും 50% ധനസഹായം ലഭിക്കുന്ന പദ്ധതികളെക്കുറിച്ച് [illegible]

(തുടരും)

ങ്ങളുടേയും സംക്ഷിപ്തം സർക്കാരിലേയ്ക്ക് അതാത് ഡയറക്ടർ മുഖേന 15 ദിവസത്തിനകം അയച്ചു തരേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ അവസരം ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ട് മെയ് 30-ന് മുമ്പ് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

കെ. നാസറുദ്ദീൻ,
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

1. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
   (പത്രങ്ങളിൽപരസ്യപ്പെടുത്തുവാൻ വേണ്ടി).
2. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
   (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുവാൻ വേണ്ടി).
3. കൃഷി (എ.എച്ച്.എഫ്) വകുപ്പ്.
4. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.

അനുബന്ധം - II

US-1564
13/6/14

ജി2-11308/12.

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി:21.06.2012

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് – തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന് എ.ബി.സി പ്രോഗ്രാം കർശനമായി നടപ്പാക്കുന്നത് – സംബന്ധിച്ച് -

സൂചന: സർക്കാരിന്റെ നം.18499/ആർ.സി3/201./ത.സ്വ.ഭ.വ തീയതി 04.05.2012 നമ്പർ കത്ത്.

സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം വളരെയേറെ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും തെരുവ് നായ നിയന്ത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവും ശല്യവും മനുഷ്യ ജീവന് തന്നെ ഭീഷണിയായി മാറുന്ന ഈ സാഹചര്യത്തിൽ അവയെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.

ബഹു. സുപ്രീം കോടതിയുടെ SLP 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ ഇവയെ നശിപ്പിക്കുന്നത് കോടതിയലക്ഷ്യമാകുന്നതാണ്. ആയതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും അനിമൽബർത്ത് കൺട്രോൾ പ്രോഗ്രാം / ആന്റി റാബിസ് പ്രോഗ്രാം പ്രകാരമുള്ള തെരുവ് നായ നിയന്ത്രണ നടപടികൾ കാര്യക്ഷമമായ രീതിയിൽ അടിയന്തിരമായി നടപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി വിവരം അറിയിക്കേണ്ടതാണ്.

ജെ. [illegible]
പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല വഹിക്കുന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും.

പി/